15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 299 | 01-02-2023 - ൽ മറുപടിയ്ക്ക്

കെ-സ്റ്റോർ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കെ-സ്റ്റോർ പദ്ധതി വിശദീകരിക്കാമോ; ഏതെല്ലാം ജില്ലകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചതിന്റെ ആദ്യ ഘട്ടമായാണ് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻകടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും, ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗം കൂടിയാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>**<u>റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്</u>**.<br><br>1. കടയുടെ വിസ്തീർണ്ണം – കുറഞ്ഞത് 300 ചതുരശ്ര അടി<br><br>2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ<br><br>3. റേഷൻകടകളുടെ 02 KM ചുറ്റളവിൽ സപ്ലൈകോ ഔട്ട്.ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ<br><br>നിലവിൽ എല്ലാ ജില്ലകളിൽ നിന്നുമായി 73 റേഷൻ കടകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. കെ-സ്റ്റോറിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | റേഷൻ കടകൾ വൈവിധ്യവത്ക്കരിക്കാനും | (ബി) | **കെ-സ്റ്റോർ**" പദ്ധതിയുടെ ഭാഗമായി പൊതുജന |

| | | | |
|---|---|---|---|
| | പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനും ജനോപകാരപ്രദമായ സേവനങ്ങൾ നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് കെ-സ്റ്റോർ വഴി ആവിഷ്കരിച്ച് നടപ്പാക്കുന്നത്; വിശദാംശം നൽകാമോ; | | സേവന കേന്ദ്രങ്ങൾ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലിണ്ടർ എന്നിവ കൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി പദ്ധതിയുടെ ഭാഗമായി ഐ.ഒ.സി, മിൽമ എന്നിവരുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ കൂടുതൽ സേവനങ്ങളും ഉല്പന്നങ്ങളും നൽകുന്നതുമൂലം കടയുടമയ്ക്ക് അധിക വരുമാനം ലഭിക്കുമോ; | (സി) | ലൈസൻസികൾക്ക് നിലവിൽ ലഭിക്കുന്ന കമ്മീഷനു പുറമേ അധിക വരുമാനം ലഭിക്കുന്ന രീതിയിലാണ് നിലവിൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ "കെ-സ്റ്റോർ" പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള റേഷൻ കടകൾക്ക് ഒരു ഏകീകൃത മാതൃക നൽകുന്നതിനും ആയത് പ്രാവർത്തികമാക്കുന്നതിനുമായി വ്യാപാരികൾക്ക് സാമ്പത്തിക സഹായം നൽകുന്നതും പരിശോധിച്ചുവരുന്നു.<br><br>ടി പദ്ധതിയുടെ ആദ്യ ഘട്ടം പൂർത്തിയാക്കി അത് വിലയിരുത്തിയ ശേഷം കൂടുതൽ കടകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്. |
| (ഡി) | ഗ്രാമീണ മേഖലയിലെ ഉപഭോക്താക്കൾക്ക് പ്രയോജനകരമായ പ്രത്യേക പദ്ധതികൾ കെ-സ്റ്റോറിനു കീഴിലുണ്ടോ; പദ്ധതി കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ക്ലോസ് (സി)യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ